**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 669** **26-07-2021 - ൽ മറുപടിയ്ക്ക്**

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി പ്രഖ്യാപിച്ച റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ; | (എ) | നാദാപുരം മണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കിഫ്ബി വഴി പ്രഖ്യാപിച്ച റോഡ് പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | മൂന്നാംകൈ-കരിങ്ങാട് റോഡ് കിഫ്ബി വഴി ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ പി.എം.ജി.എസ്.വൈ. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണം പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (ബി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

1. കുളങ്ങരത്ത് നമ്പിത്താൻകുണ്ട് വിലങ്ങാട് വല്ലൂക്ക് റോഡിന് 41.31 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 42.9471 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 26.02.2021-ൽ പ്രവൃത്തി ടെണ്ടർ ചെയ്യുകയും 02.07.2021-ലെ 81ാമത് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ നിന്ന് പ്രീ ക്വാളിഫിക്കേഷൻ അനുമതിയും നേടിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിക്കുന്നു.
2. തൊട്ടിൽപ്പാലം - കുണ്ടുതോട് റോഡിന് 14.25 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 14.75 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 26.02.2021-ൽ പ്രവൃത്തി ടെണ്ടർ ചെയ്യുകയും 02.07.2021-ലെ 81ാമത് ടെക്നിക്കൽ സാംഗ്ഷൻ കമ്മിറ്റിയിൽ നിന്ന് പ്രീ ക്വാളിഫിക്കേഷൻ അനുമതിയും നേടിയിട്ടുണ്ട്. തുടർനടപടികൾ പുരോഗമിക്കുന്നു.
3. കായപ്പനച്ചി ചൂണ്ടയിൽ പുതിയങ്ങാടി റോഡിന് 20 കോടി രൂപയുടെ തത്വത്തിലുള്ള അനുമതി നൽകി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് 12.02.2021-ൽ റീവാലിഡേറ്റ് ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തി കായപ്പനച്ചി - കുന്നുംചിറ - എടച്ചേരി - പുതിയങ്ങാടി എന്ന് പുനർനാമകരണം ചെയ്യണമെന്ന ആവശ്യം പരിശോധിച്ചുവരുന്നു.
4. മലയോര ഹൈവേ പുല്ലുവായ് തൊട്ടിൽപ്പാലം(കി.മി 0/000 മുതൽ 28/000 വരെ) എന്ന പ്രവൃത്തിക്ക് 88.13 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. 49.22 കോടി രൂപയുടെ ഭാഗിക സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ആയത് 15.04.2021-ൽ കിഫ്ബിയിൽ സമർപ്പിക്കുകയും ഡി.പി.ആർ പ്രകാരമുള്ള മാറ്റങ്ങൾ വരുത്തുന്നതിനായി കിഫ്ബി നിർദ്ദേശിക്കുകയും ചെയ്തിരുന്നു. അതിൻപ്രകാരം സാങ്കേതികാനുമതിക്കായുള്ള പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.